## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2963

21.08.2017 - ൽ
മറുപടിയ്ക്ക്

### കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കൃഷി വകുപ്പിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് വരെ ആയെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ; | എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ (മുൻ കൃഷി വകുപ്പ്) ഗസറ്റഡിതര ജീവനക്കാരുടെ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുകയും, ചട്ടങ്ങൾ രൂപീകരിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. വകുപ്പിൽ കോമൺ കാറ്റഗറിയിൽപ്പെട്ടവ ഉൾപ്പടെ എഴുപതോളം ഗസറ്റഡിതര തസ്തികകൾ നിലവിലുണ്ട്. ലഭ്യമായ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പകുതിയോളം തസ്തികകളുടെ വിശദാംശങ്ങൾ ക്രോഡീകരിച്ച് പട്ടികയാക്കിയിട്ടുണ്ട്. മറ്റ് തസ്തികകളുടെ വിശദാംശങ്ങൾ കൂടി ക്രോഡീകരിച്ച് ചട്ടങ്ങളുടെ കരട് രൂപം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| ബി) കൃഷി സ്പെഷ്യൽ റൂൾസ് രൂപീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ? | ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ഗസറ്റഡ് തസ്തികയിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ